പതിനാലാം കേരള നിയമസഭ

10-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4319 — 21.03.2018-ൽ മറുപടിയ്ക്ക്

# പരിസ്ഥിതി സംബന്ധിച്ച കരട് ധവളപത്രം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എ.പി. അനിൽ കുമാർ : | **പിണറായി വിജയൻ** (മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്തിന്റെ പരിസ്ഥിതി സംബന്ധിച്ച കരട് ധവളപത്രം പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ; | (എ) കരട് ധവളപത്രം തയ്യാറായിട്ടുണ്ട്. ആയത് കാലതാമസം കൂടാതെ അംഗീകരിച്ച് പ്രസിദ്ധീകരിക്കുന്നതാണ്. |
| (ബി) കേരളത്തിന്റെ മണ്ണും ജലവും ജൈവവൈവിദ്ധ്യവും സംരക്ഷിക്കുന്നതിന് എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ? | (ബി) "ശുദ്ധവായു, ശുദ്ധജലം, ആരോഗ്യമുള്ള മണ്ണ് സുരക്ഷിതമായ ഭക്ഷണം എന്നിവ മനുഷ്യന് ഉറപ്പുവരുത്തുക" എന്ന കാഴ്ചപ്പാടിലധിഷ്ഠിതമായിട്ടുള്ള പ്രവർത്തനങ്ങൾക്കും പദ്ധതികൾക്കുമാണ് സർക്കാർ മുൻഗണന നൽകുന്നത്. തണ്ണീർത്തട ജൈവവൈവിധ്യം, സമുദ്രവൈവിധ്യം, തനതു ജൈവജാതിയിനങ്ങളുടെ സംരക്ഷണം, സംസ്ഥാനത്തെ വിഭിന്നങ്ങളായ ആവാസവ്യവസ്ഥകളുടെ സംരക്ഷണം തുടങ്ങിയ മേഖലകളിൽ നിരവധി പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ഹരിതകേരളം പദ്ധതിയിലൂടെ ജല സംരക്ഷണവും സുരക്ഷിതവും ഭക്ഷ്യയോഗ്യവുമായ ഭക്ഷ്യവിള ഉത്പാദനത്തിനായി ജൈവകൃഷിയും മാലിന്യ സംസ്കരണവും മരം നടീലും പ്രോത്സാഹിപ്പിക്കുന്നു.<br><br>ജൈവവൈവിധ്യ സംരക്ഷണം പ്രാദേശിക തലത്തിൽ നടപ്പിലാക്കുന്നതിന് സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ജൈവവൈവിധ്യ പരിപാലന |

സമിതികൾ (Biodiversity Management Committees - BMCs) രൂപീകരിച്ചിട്ടുണ്ട്. ആവാസവ്യവസ്ഥകളുടെ സംരക്ഷണാർത്ഥം ബന്ധപ്പെട്ട ബി.എം.സി.കളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനായി സംയുക്ത ജൈവവൈവിധ്യ പരിപാലന സമിതികൾ രൂപീകരിച്ചിട്ടുണ്ട്. പ്രാദേശികതലത്തിൽ ജൈവവൈവിധ്യത്തെയും ബന്ധപ്പെട്ട പരമ്പരാഗത അറിവുകളെയും രേഖപ്പെടുത്തുന്ന ജനകീയ ജൈവവൈവിധ്യ രജിസ്റ്റർ (പി.ബി.ആർ) എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും തയ്യാറാക്കി വരുന്നു.

നദികളുടെ സംരക്ഷണത്തിനായി സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ നേതൃത്വത്തിൽ കേരളത്തിലെ 44 നദികളുടെ പഠനം നടത്തിയിരുന്നു (Riverine Fish Monitoring Study). കേരളത്തിലെ അഞ്ചു തടാകങ്ങൾ പൂക്കോട്, വേമ്പനാട്, അഷ്ടമുടി, ശാസ്താംകോട്ട, വെള്ളായണി എന്നിവയുടെ ജൈവവൈവിധ്യം തിട്ടപ്പെടുത്തുന്നതിനായി കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് "കേരളത്തിലെ അഞ്ചു നീർത്തടങ്ങളിലെ ജൈവവൈവിധ്യ പഠനം" പദ്ധതി നടപ്പിലാക്കി വരുന്നു. കൂടാതെ നഗരത്തിലെ കുളങ്ങളുടെ പുനരുദ്ധാരണം, ക്വാറികളുടെ പാരിസ്ഥിതിക പുനരുദ്ധാരണം, നദികളിലെ തനതു മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതി വെള്ളായണി ശുദ്ധജല തടാകത്തിലെ ഗ്രീൻ ബെൽറ്റ് പദ്ധതി എന്നിവ നടപ്പിലാക്കി.

ഇടുക്കി ജില്ലയിൽ ഐക്യരാഷ്ട്ര സഭയുടെ യു,എൻ.ഡി.പി ഫണ്ട് ഉപയോഗിച്ച് 'മൂന്നാർ ലാന്റ് സ്കേപ്പ് പ്രോജക്ട് പാരമ്പര്യ അറിവ് ശേഖരണം' എന്ന പദ്ധതി നടപ്പിലാക്കി വരുന്നു.

'ജൈവവൈവിധ്യ പരിപാലന സമിതികളിലൂടെ ഔഷധ സസ്യങ്ങളുടെ സ്വാഭാവിക ഉറവിടങ്ങളുടെ പരിപോഷണവും, സുസ്ഥിര ശേഖരണവും, വിളവെടുപ്പും, മൂല്യ വർദ്ധിത ഉൽപന്നവൽക്കരണവും' എന്ന പദ്ധതി കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് നടപ്പിലാക്കുന്നു.

സെക്ഷൻ ഓഫീസർ